ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 23.02.2025

## പ്രധാനവാർത്തകൾ

1. നിർമിത ബുദ്ധിയിൽ ഇന്ത്യ അതിവേഗം വ്യക്തിമുദ്ര പതിപ്പിക്കുകയാണെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. സാധാരണക്കാർക്ക് എത്രയും വേഗം നീതി ലഭ്യമാകുന്ന ഇടങ്ങളായി ജുഡീഷ്യൽ സ്ഥാപനങ്ങൾ മാറണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. ആഗോള നിക്ഷേപക സംഗമത്തിൽ പ്രഖ്യാപിച്ച വൻകിട പദ്ധതികളുടെ തുടർ നടപടികൾക്കായി പ്രത്യേക സംഘത്തെ സജ്ജമാക്കുമെന്ന് മന്ത്രി പി രാജീവ്.

4. പതിനഞ്ചാമത് കേരള അന്താരാഷ്ട്ര നാടകോത്സവത്തിന് തൃശ്ശൂരിൽ തുടക്കം.

5. ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ പാകിസ്ഥാനെതിരെ ഇന്ത്യക്ക് 242 റൺ വിജയലക്ഷ്യം.

&&&&&&&&&&&&&&&&

RNU TVPM

<u>മൻ കി ബാത്ത് – എഐ (ഇൻട്രോ)</u>

നിർമിത ബുദ്ധിയിൽ രാജ്യം അതിവേഗം ശക്തമായ സാന്നിദ്ധ്യം ഉറപ്പിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. അടുത്തിടെ പാരിസിൽ നടന്ന എ ഐ ഉച്ചകോടിയിൽ ഈ മേഖലയിൽ ഇന്ത്യ നേടിയ പുരോഗതിയെ ലോകം പ്രശംസിച്ചതായും അദ്ദേഹം മൻ കി

ബാത്തിൻറെ 119 -ാം പതിപ്പിൽ പറഞ്ഞു. എ ഐ മേഖലയിൽ യുവാക്കളുടെ പങ്കാളിത്തം വർദ്ധിക്കുന്നതിലൂടെ ഒരു പുതിയ വിപ്ലവം ജനിക്കുകയാണെന്നും ശ്രീ മോദി പറഞ്ഞു. (ഹോൾഡ് - വോയ്സ് )

**&&&&&&&&&&&&&&&&**

**മൻ കി ബാത്ത് - ജനറൽ**

അന്താരാഷ്ട്ര വനിതാ ദിനം, ദേശീയ ഗെയിംസിൽ കായിക താരങ്ങളുടെ പ്രകടനം, അമിത വണ്ണം, ഭക്ഷണ ശീലങ്ങളിലെ ചെറിയ മാറ്റങ്ങൾ തുടങ്ങിയവയെ കുറിച്ചും പ്രധാനമന്ത്രി മൻ കി ബാത്തിൽ പരാമർശിച്ചു. ഇത്തവണത്തെ അന്താരാഷ്ട്ര വനിതാ ദിനത്തിൽ, തൻറെ സമൂഹ മാധ്യമ അക്കൗണ്ടുകൾ രാജ്യത്തെ പ്രചോദനാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സ്ത്രീകൾക്ക് ഒരു ദിവസത്തേക്ക് കൈമാറുമെന്ന് പ്രധാനമന്ത്രി അറിയിച്ചു. ഭക്ഷണ ശീലങ്ങളിലെ മാറ്റങ്ങൾ നമ്മുടെ ഭാവി കൂടുതൽ രോഗരഹിതമാക്കുന്നതിന് സഹായകമാകുമെന്ന് പറഞ്ഞ പ്രധാനമന്ത്രി, പരീക്ഷാ എഴുതുന്ന എല്ലാ കുട്ടികൾക്കും ആശംസകളും നേർന്നു.

RNUTVPM

**&&&&&&&&&&&&&&&&**

**മൻ കി ബാത്ത് - ഐഎസ്ആർഒ**

ബഹിരാകാശ രംഗത്തെ രാജ്യത്തിൻറെ നേട്ടങ്ങൾ പുതിയ ഉയരങ്ങൾ കീഴടക്കാനുള്ള ദൃഢനിശ്ചയത്തിൻറെ പ്രതിഫലനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഐഎസ്ആർഒയുടെ വിജയങ്ങളുടെ വ്യാപ്തി ഏറെ വലുതാണ്. സമീപകാലത്ത് ബഹിരാകാശ ശാസ്ത്രജ്ഞരുടെ സംഘത്തിൽ സ്ത്രീശക്തിയുടെ പങ്കാളിത്തം തുടർച്ചയായി വർദ്ധിക്കുകയാണെന്നും ശ്രീ നരേന്ദ്രമോദി പറഞ്ഞു.

**&&&&&&&&&&&&&&&&**

**മുഖ്യമന്ത്രി - ഹൊസ്ദുർഗ് (INTRO) - ഇൻട്രോ**

സംസ്ഥാനത്തെ കോടതികളിൽ കേസുകൾ അനന്തമായി നീളുന്നത് ജനങ്ങൾക്ക് ജുഡീഷ്യറിയിലുള്ള വിശ്വാസം നഷ്ട്ടപ്പെടുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കാസർഗോഡ്- ഹൊസ്ദുർഗ്ഗ് കോടതിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സാധാരണക്കാർക്ക് എത്രയും വേഗം നീതി ലഭ്യമാകുന്ന ഇടങ്ങളായി ജുഡീഷ്യൽ സ്ഥാപനങ്ങൾ മാറണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&

**മന്ത്രി കെ രാജൻ**

വയനാട് ചൂരൽമല ദുരന്ത ബാധിതർക്കൊപ്പമാണ് സംസ്ഥാന സർക്കാരെന്നും ലഭ്യമായ എല്ലാ സഹായവും നൽകുന്നതിൽ പ്രതിജ്ഞ ബദ്ധമാണെന്നും മന്ത്രി കെ രാജൻ . ഏറ്റവും സുതാര്യമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്നും മന്ത്രി തൃശൂരിൽ മാധ്യമങ്ങളോട് പറഞ്ഞു

RNUTVPM

&&&&&&&&&&&&&&&&

**വിധവാ പെൻഷൻ**

സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി വിധവാ പെൻഷൻ വിതരണത്തിന് 6.93 കോടി രൂപയുടെ അധിക തുക അനുവദിച്ചതായി മന്ത്രി സജി ചെറിയാൻ. അഞ്ച് മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിനാണ് തുക. 8,765 ഗുണഭോക്താക്കൾക്ക് ഇതിൻറെ പ്രയോജനം ലഭിക്കും.

&&&&&&&&&&&&&&&&

**ഇൻവെസ്റ്റ് കേരള -രാജീവ്-INTRO**

കൊച്ചിയിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമം വൻ വിജയമാണെന്ന് മന്ത്രി പി രാജീവ്. 50 കോടി രൂപയിൽ കൂടുതലുള്ള വൻകിട പദ്ധതികളുടെ തുടർ നടപടികളുടെ ചുമതല കെഎസ്ഐഡിസിക്കായിരിക്കും. ഇതിനായി പ്രത്യേക സംഘത്തെ സജ്ജമാക്കുമെന്നും മന്ത്രി പറഞ്ഞു.

(വോയിസ്)

**&&&&&&&&&&&&&&&&**

**<u>അന്താരാഷ്ട്ര നാടകോത്സവം</u>**

പതിനഞ്ചാമത് കേരള അന്താരാഷ്ട്ര നാടകോത്സവം ഇറ്റ്-ഫോക് 2025 ന് തൃശ്ശൂരിൽ ഇന്ന് തുടക്കം. മന്ത്രി സജി ചെറിയാൻ അൽപസമയത്തിനകം ഉത്ഘാടനം ചെയ്യും. പതിനഞ്ച് നാടകങ്ങൾ എട്ടു ദിവസങ്ങളിലായി ഇത്തവണ അരങ്ങിലെത്തും. മൂന്ന് വേദികളിലായി 34 പ്രദർശനങ്ങൾ നടക്കും.

**&&&&&&&&&&&&&&&&**

**<u>വിത്തുത്സവം - ഇൻട്രോ</u>**

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴിയിൽ നടക്കുന്ന വിത്ത് ഉത്സവം ശ്രദ്ധേയമാകുന്നു. പരമ്പരാഗത കാർഷിക വിത്തുകളുടെ സംരക്ഷണം ലക്ഷ്യമിട്ടാണ് പ്രദർശനം സംഘടിപ്പിച്ചിരിക്കുന്നത്.

ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവി കുമാർ തയ്യാറാക്കിയ റിപ്പോർട്ട്....
(വോയിസ്)

RAJU TVPM

**&&&&&&&&&&&&&&&&**

**<u>ക്രിക്കറ്റ്</u>**

ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ പാകിസ്ഥാനെതിരെ ഇന്ത്യക്ക് 242 റൺ വിജയലക്ഷ്യം. ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത പാകിസ്ഥാൻ രണ്ട് പന്ത് ബാക്കി നിൽക്കേ 241 റൺസിന് പുറത്തായി. ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം.

**&&&&&&&&&&&&&&&&**

**<u>ഇന്നോവേഷൻ കോൺക്ലേവ് -കണ്ണൂർ (ഇൻട്രോ)</u>**

കണ്ണൂർ സർവ്വകലാശാലയിൽ രണ്ടു ദിവസത്തെ ഇന്നോവേഷൻ കോൺക്ലേവ് നാളെ ആരംഭിക്കും. താവക്കര ക്യാമ്പസിൽ വൈസ് ചാൻസിലർ കെ.കെ.സാജു ഉദ്ഘാടനം ചെയ്യും.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.**

(വോയിസ്)

**&&&&&&&&&&&&&&&&**

**മുഖ്യമന്ത്രി-കാസർഗോഡ്**

ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ തുടർച്ചയാണ് നവകേരള സൃഷ്ടിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കാസർകോട് ജില്ലാ പഞ്ചായത്തിൻറെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഓരോ നാടിൻറേയും പ്രത്യേകതകൾ അനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കിയപ്പോഴാണ് ജനകീയാസൂത്രണം കേരളത്തിൽ അർത്ഥവത്തായതെന്നും മുഖ്യമന്ത്രി പറഞ്ഞു.

RNU TVPM

**&&&&&&&&&&&&&&&&**

**രാപ്പകൽ സമരം**

കടൽ മണൽ ഖനനത്തിനെതിരെ കോൺഗ്രസ് കൊല്ലത്ത് സംഘടിപ്പിച്ച രാപ്പകൽ സമരം അവസാനിച്ചു. കൊല്ലം ഡിസിസിയും മത്സ്യത്തൊഴിലാളി കോൺഗ്രസും സംയുക്തമായാണ് സമരം സംഘടിപ്പിച്ചത്. കടൽ മണൽ ഖനനത്തിന് സംസ്ഥാന സർക്കാർ കൂട്ടുനിൽക്കുകയാണെന്ന് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യവെ എഐസിസി ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാൽ എംപി പറഞ്ഞു.

**&&&&&&&&&&&&&&&&**

**എവി റസൽ**

അന്തരിച്ച സിപിഐ എം കോട്ടയം ജില്ലാ സെക്രട്ടറി എ വി റസലിൻ്റെ മൃതദേഹം വീട്ടുവളപ്പിൽ സംസ്കരിച്ചു. നിരവധി പേർ അദ്ദേഹത്തിന്

ആദരാഞ്ജലി അർപ്പിച്ചു. അർബുദത്തിന് ചികിൽസയിലായിരിക്കെ വെള്ളിയാഴ്ച ചെന്നെയിലായിരുന്നു അന്ത്യം.

&&&&&&&&&&&&&&&&

**കൊല്ലം - ട്രെയിൻ**

കൊല്ലത്ത് ട്രെയിൻപാളത്തിൽ ടെലിഫോൺ പോസ്റ്റ് വെച്ച സംഭവത്തിൽ അറസ്റ്റിലായ രണ്ട് പ്രതികളെ 14 ദിവസത്തേക്ക് കൊല്ലം ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതി റിമാൻഡ് ചെയ്തു. ഭാരതീയ നിയമ സംഹിത, റെയിൽവേ ആക്ട് എന്നിവപ്രകാരമാണ് ഇവർക്കെതിരെ വകുപ്പുകൾ ചുമത്തിയിട്ടുള്ളത്.

&&&&&&&&&&&&&&&&

**റവന്യൂ ദിനാഘോഷം - മുഖ്യമന്ത്രി**

ഈ വർഷത്തെ റവന്യു ദിനാഘോഷം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവ്വഹിക്കും. ചടങ്ങിൽ റവന്യൂ, സർവെ വകുപ്പ് ജീവനക്കാർക്കുള്ള പുരസ്കാരങ്ങളും വിതരണം ചെയ്യും. കേരളത്തിലെ റവന്യൂ ഭരണത്തിന്റെ അടിസ്ഥാന രേഖയായി കരുതുന്ന തിരുവിതാംകൂർ സെറ്റിൽമെൻറ് വിളംബരത്തിൻറെ അടിസ്ഥാനത്തിലാണ് ഫെബ്രുവരി 24 റവന്യു ദിനമായി ആചരിക്കുന്നത്.

RNUTVPM

&&&&&&&&&&&&&&&&

**മാലിന്യപ്ലാന്റ്- എം.ബി.രാജേഷ്**

കണ്ണൂർ കൂത്തുപറമ്പ് വലിയ വെളിച്ചം വ്യവസായകേന്ദ്രത്തിൽ, മാലിന്യ സംസ്കരണ പ്ലാൻ്റിൻ്റെ ഉദ്ഘാടനം , മന്ത്രി M B രാജേഷ് നാളെ നിർവഹിക്കും. ഹരിതകർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക് കവറുകളുടെ പുനഃചംക്രമണമാണ് യൂണിറ്റിൽ നടക്കുക.

&&&&&&&&&&&&&&&&

**ഈറ്റ് റൈറ്റ് മേള**

സുരക്ഷിതമായ ഭക്ഷണ ശീലത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന് കൊല്ലം ജില്ലാ ഭക്ഷ്യ സുരക്ഷാ വകുപ്പ് ഈറ്റ് റൈറ്റ് മേള സംഘടിപ്പിക്കുന്നു. സി. കേശവൻ മെമ്മോറിയൽ ടൗൺ ഹാളിൽ ജില്ലാ കളക്ടർ എൻ ദേവീദാസ് നാളെ ഉദ്ഘാടനം നിർവഹിക്കും. ഭക്ഷ്യ സുരക്ഷ സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഈറ്റ് റൈറ്റ് ഇന്ത്യ പദ്ധതിയുടെ ഭാഗമായാണ് മേള.

**&&&&&&&&&&&&&&&&**

<u>സംസ്ഥാന മാധ്യമ അവാർഡുകൾ</u>

2022-ലെ സംസ്ഥാന മാധ്യമ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. അച്ചടി മാധ്യമം - ജനറൽ റിപ്പോർട്ടിംഗിൽ മലയാള മനോരമ സ്പെഷ്യൽ കറസ്പോണ്ടൻറ് സി. കെ. ശിവാനന്ദനാണ് അവാർഡ്. ഫോട്ടോഗ്രഫി വിഭാഗത്തിൽ ദേശാഭിമാനിയുടെ ജയകൃഷ്ണൻ ഓമല്ലൂരും മലയാള മനോരമ ചീഫ് ഫോട്ടോഗ്രാഫർ മനോജ് ചേമഞ്ചേരിയും അവാർഡിന് അർഹരായി. കാർട്ടൂൺ വിഭാഗത്തിൽ മലയാള മനോരമ ചീഫ് കാർട്ടൂണിസ്റ്റ് ബൈജു പൗലോസും കേരളകൗമുദി കാർട്ടൂണിസ്റ്റ് ടി. കെ. സുജിത്തും പുരസ്കാരം നേടി.

**&&&&&&&&&&&&&&&&**

**&&&&&&&&&&&&**

**&&&&&**

RNU TVPM